# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 5841 05.07.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

### രാജപുരം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ രാജപുരം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ എന്നാണ് ഫണ്ട് അനുവദിച്ചത് . പ്രസ്തുത കെട്ടിടം പണി നടക്കാതിരുന്നത് എന്തുകൊണ്ടാണ്;<br><br>(ബി) പ്രസ്തുത കെട്ടിടം പണിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദമാക്കാമോ? | (എ) & (ബി)<br>31.08.2004-ലെ 629/2004/നികുതി നമ്പർ സർക്കാർ ഉത്തരവ് (സാധാ) പ്രകാരം രാജപുരം സബ് രജിസ്ട്രാർ കെട്ടിട നിർമ്മാണത്തിന് 9.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 01.04.2004 മുതൽ SoR പുതുക്കിയതിനാൽ പ്രസ്തുത പ്രവർത്തിക്ക് 12 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി നൽകുകയും ചെയ്തു. 2005-2006 ലെ ബഡ്ജറ്റിൽ പ്രസ്തുത പ്രവർത്തി ഉൾക്കൊള്ളിച്ചിരുന്നില്ലെങ്കിലും പ്രത്യേകാനുമതി പ്രതീക്ഷിച്ചുകൊണ്ട് പ്രവർത്തി ടെണ്ടർ ചെയ്യുകയും 01.12.2006-ൽ ശ്രീ. ഷാഫി കെ. എം. എന്ന വ്യക്തി കരാർ വയ്ക്കുകയും ചെയ്തു. പക്ഷെ പ്രവർത്തി ആരംഭിക്കാത്തതിനെത്തുടർന്ന് കരാർ ഒഴിവാക്കി റീ ടെണ്ടർ ചെയ്തു. എന്നാൽ ശ്രീ. കെ. എം. ഷാജി തന്നെ പ്രവർത്തി ചെയ്യാൻ തയ്യാറായിവന്നതിനെ തുടർന്ന് വീണ്ടും ടിയാനെ കരാർ ഏൽപിച്ചു. പക്ഷെ തുടർന്നും ടിയാൻ പ്രവർത്തി ചെയ്യാൻ തയ്യാറാകാത്തതിനാൽ 15.11.2010-ൽ റിസ്ക് ആൻറ് കോസ്റ്റിൽ ടിയാനെ ടെർമിനേറ്റ് ചെയ്തു. നിർമ്മാണ ചെലവുകൾ ഗണ്യമായി വർദ്ധിച്ചതിനെ തുടർന്ന് CPWD നിരക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നികുതി വകുപ്പിന് അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് (കെട്ടിടവിഭാഗം)ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Manzad

സെക്ഷൻ ഓഫീസർ